**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3375** **14-07-2022 - ൽ മറുപടിയ്ക്ക്**

**കൃഷി സുഗമമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | മണലൂർ മണ്ഡലത്തിലെ കോൾ ചാലുകളിൽ നിന്നും എക്കൽ നീക്കം ചെയ്യുന്നതിന്റെ ഭാഗമായി ബണ്ടുകളിൽ നിക്ഷേപിച്ച മണ്ണ് നിരപ്പാക്കാത്തതുമൂലം കർഷകർക്ക് വിത്തും, വളവും, മറ്റ് സംവിധാനങ്ങളും പാടശേഖരങ്ങളിൽ എത്തിക്കുന്നതിനുള്ള ഗതാഗത സൗകര്യം തടസ്സപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മണലൂർ നിയോജക മണ്ഡലത്തിലുൾപ്പെടുന്ന പ്രധാനപ്പെട്ട കനാലുകളായ കോട്ടച്ചാൽ, ഏനമാക്കൽ, കടാംതോട്, ചെമ്മീൻചാൽ തുടങ്ങിയവയുടെ ആഴം വർദ്ധിപ്പിക്കുമ്പോൾ ലഭ്യമായ മണ്ണ് സമീപ ബണ്ടുകളിലാണ് നിക്ഷേപിച്ചിരുന്നത്. ഈ മണ്ണ് ഭൂരിഭാഗവും നീക്കം ചെയ്യുകയും നിരപ്പാക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ഭാഗങ്ങളിലെ മണ്ണ് കൃഷിയിറക്കുന്നതിനു മുമ്പ് നിരപ്പാക്കി, ബണ്ട് ഗതാഗത യോഗ്യമാക്കുന്നതാണ്. |
| (ബി) | ഈ വർഷത്തെ കൃഷി സുഗമമാക്കുന്നതിന് പ്രസ്തുത തടസ്സം നീക്കം ചെയ്യുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | മണലൂർ നിയോജക മണ്ഡലത്തിലുൾപ്പെടുന്ന പ്രധാനപ്പെട്ട കനാലുകളായ കോട്ടച്ചാൽ, ഏനമാക്കൽ, കടാംതോട്, ചെമ്മീൻചാൽ തുടങ്ങിയവയുടെ ആഴം വർദ്ധിപ്പിക്കുമ്പോൾ ലഭ്യമായ മണ്ണ് സമീപ ബണ്ടുകളിലാണ് നിക്ഷേപിച്ചിരുന്നത്. ഈ മണ്ണ് ഭൂരിഭാഗവും നീക്കം ചെയ്യുകയും നിരപ്പാക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ഭാഗങ്ങളിലെ മണ്ണ് കൃഷിയിറക്കുന്നതിനു മുമ്പ് നിരപ്പാക്കി, ബണ്ട് ഗതാഗത യോഗ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ